# പാറശ്ശാല

ഭദ്രാസന ബുള്ളറ്റിൻ

വാല്യം 5 ലക്കം 2 മാർച്ച് – ഏപ്രിൽ 2022





പാറശ്ശാല ഭദ്രാസന പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ
അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായോടൊപ്പം



ഭാഗ്യസ്മരണാർഹനായ ലോറൻസ് മാർ അപ്രേം തിരുമേനിയുടെ 25–ാം ഓർമപ്പെരുന്നാൾ



അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായുടെ
മുഖ്യകാർമികത്വത്തിൽ നടത്തിയ കാൽ കഴുകൽ ശുശ്രൂഷ

# പാറശ്ശാല

## ഭദ്രാസന ബുള്ളറ്റിൻ

വാല്യം 5 മാർച്ച് – ഏപ്രിൽ 2022 ലക്കം 2

ഉള്ളടക്കം


| | |
|---|---|
| ഇടയശബ്ദം | 2 |
| സർക്കുലർ | 4 |
| സഭാ വാർത്തകൾ | 8 |
| ഭദ്രാസന വാർത്തകൾ | 9 |
| വിശ്വാസ പരിശീലന കാര്യാലയം | 11 |
| എം.സി.വൈ.എം. | 13 |
| സെമിനാരി വാർത്തകൾ | 18 |
| എം.സി.എ. | 19 |
| സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ | 21 |
| ക്ഷേമ | 22 |
| മാതൃവേദി | 26 |
| കുടുംബപ്രേഷിത കാര്യാലയം | 28 |
| വിദ്യാഭ്യാസം | 29 |


TO BE EVERYTHING TO EVERYONE IN CHRIST

*Patron*
His Excellency
Thomas Mar Eusebius


*Chief Editor*
Fr. Abin Mullackal

*Managing Editor*
Msgr. Selin Jose
Konathuvila

*Printed & Published By*
Very Rev. Fr. Hormis
Puthenveettil

*(Private Circulation Only)*

# ഇടയശബ്ദം



യേശുവിൽ സ്നേഹമുള്ള സഹോദരി സഹോദരന്മാരെ നമ്മുടെ കർത്താവിന്റെ ഉത്ഥാനത്തിരുനാളിന്റെ സമാധാനവും സന്തോഷവും,

നമ്മുടെ വിശ്വാസ ജീവിതത്തിലെ ഏറ്റവും വലിയ പെരുന്നാളാണല്ലോ ഈസ്റ്റർ. വിശുദ്ധ പൗലോസ് ശ്ലീഹ പറയുന്നതുപോലെ, നമ്മുടെ മുഴുവൻ വിശ്വാസവും ജീവിതവും നങ്കൂരമിട്ടിരിക്കുന്നത് ക്രിസ്തുവിന്റെ ഉയിർപ്പിലാണ് (1 കോറി. 15:17). ക്രിസ്തുനാഥൻ ഉയിർത്തു എന്ന ചരിത്രാതീതസത്യമാണ് ചരിത്രത്തിന്റെ എല്ലാ സങ്കീർണതകളിലും പരിമിതികളിലും ബന്ധിതമായിരിക്കുന്ന മനുഷ്യജീവിതത്തിന്റെ പ്രത്യാശയുടെ ഏക ശ്രോതസ്സ്. ഈ പ്രത്യാശയുടെ അഭാവത്തിൽ ജീവിതത്തിന്റെ അർത്ഥം നഷ്ടപ്പെടുന്നു.

ക്രിസ്തുശിഷ്യരുടെ ഈസ്റ്റർ അനുഭവത്തിന്റെ ഒരു നേർസാക്ഷ്യം ഉത്ഥിതന്റെ ഉണങ്ങിയ മുറിവുകളായിരുന്നു. ദുഃഖവെള്ളിയാഴ്ച അവർ കണ്ടത് ആ ദിവ്യശരീരത്തിലെ പച്ചയായ മുറിവുകളായിരുന്നു. ഉത്ഥിതനായ ക്രിസ്തു അവരോട് ആവശ്യപ്പെട്ടത് അവന്റെ ഉണങ്ങിയ മുറിവുകളിൽ സ്പർശിക്കുവാനാണ്. ഈസ്റ്റർ അനുഭവം അടിസ്ഥാനപരമായി മുറിവുണക്കുന്ന അനുഭവമാണ്. ഒരു മുറിവും ഉണങ്ങാതെ അവശേഷിക്കുകയില്ല എന്നതാണ് ഉത്ഥിതൻ നമുക്ക് നൽകുന്ന പാഠം - മരണമാകുന്ന മുറിവ് ഉൾപ്പെടെ. ഇതാണ് ക്രിസ്തുനാഥന്റെ ഉയിർപ്പ് നമുക്ക് നൽകുന്ന അടിസ്ഥാന പ്രത്യാശ.

നമ്മുടെ സാധാരണ ജീവിതത്തിൽ ചെറുതും വലുതുമായ നിരവധി മുറിവുകൾ നാം നിരന്തരം ഏറ്റുവാങ്ങുന്നുണ്ട്. ഈ മുറിവുകളെ പച്ചയായി സൂക്ഷിക്കുന്നതാണ് ജീവിതത്തിന്റെ പരാജയം. അതുവഴി ജീവിതത്തിന്റെ കൃപകൾ നഷ്ടമാവുകയും ജീവിതം ഒരു വലിയ ഭാരമായി മാറുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ ഉയിർപ്പ് നമ്മുടെ അനുദിന ജീവിതാനുഭവമായിമാറുന്നത് നിരന്തരമായ മുറിവുണങ്ങലിന് നാം വിധേയമാകുമ്പോഴാണ്. ഉത്ഥിതനിലുള്ള വിശ്വാസം നമ്മിൽ നിന്നും ആവശ്യപ്പെടുന്നത് നമ്മുടെ മുറിവിന്റെ എല്ലാ അനുഭവങ്ങളെയും ഉത്ഥിതന്റെ ഉണങ്ങിയ മുറിവുകളുമായി ചേർത്തു വയ്ക്കുവാനാണ്. മുറിവുകളുടെ

ഈ താദാത്മ്യത്തിൽ നിന്നാണ് ജീവിതത്തിന്റെ പ്രത്യാശ ഉരുത്തിരിയുന്നത്. ഈ വിശ്വാസവും ഈ പ്രത്യാശയും പരിധിയില്ലാതെ സ്നേഹിക്കുവാനും അതിരില്ലാതെ ക്ഷമിക്കുവാനും നമ്മെ ശക്തരാക്കും. ഈ സ്നേഹവും ക്ഷമയുമാണ് എല്ലാ മുറിവുകളെയും ഉണക്കുന്ന ദൈവിക ലേപനം. എല്ലാ മുറിവുകളെയും ഉണക്കുന്ന, ജീവിതത്തിന്റെ സമഗ്രതയും പുതുമയും വീണ്ടെടുക്കുന്ന ഒരു അനുഭവമാകട്ടെ ഈസ്റ്റർ എന്ന് സ്നേഹപൂർവ്വം ആശംസിക്കുന്നു.

+ Eusebius

✠ തോമസ് മാർ യൗസേബിയോസ്

# THE SYRO-MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
MAJOR ARCHBISHOP-CATHOLICOS

Prot. No. CPL 01/2022 14-03-2022

**അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,**

ദൈവം നമുക്കായി ഒരുക്കിയ രക്ഷാപദ്ധതിയുടെ ഭാഗമാണ് യേശുവിന്റെ നമുക്കുവേണ്ടിയുള്ള കഷ്ടാനുഭവവും കുരിശുമരണവും ഉത്ഥാനവും. പിതാവായ ദൈവം മനുഷ്യരക്ഷയ്ക്കായി ആവിഷ്കരിച്ച സ്നേഹത്തിന്റെ പദ്ധതിയോട് കുരിശോളം വിനീതനായി യേശു സഹകരിച്ചത്, തന്റെ രക്തത്താൽ മനുഷ്യകുലത്തെ കഴുകി വിശുദ്ധീകരിക്കുന്നതിനാണ്. കുരിശിൽ ഉയർന്നപ്പോൾ യേശുതമ്പുരാൻ ലോകത്തെമുഴുവൻ തന്നിലേക്ക് ആകർഷിച്ചു. "എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹന്നാൻ 3:16). നമ്മുടെ കർത്താവിന്റെ പീഢാനുഭവവും കുരിശുമരണവും അവിടുത്തെ മഹത്വമേറിയ പുനരുത്ഥാനവും അനുസ്മരിക്കുന്ന വലിയ ആഴ്ചയ്ക്ക് ഒരുക്കമായുള്ള അമ്പത് നോമ്പിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ.

വലിയ നോമ്പ്, ഉത്ഥാനം ആഘോഷിക്കുന്നതിനുള്ള ഒരുക്കത്തിന്റെ നാളുകളായാണ് ആദിമ സഭയിൽ ആചരിച്ചിരുന്നത്. എന്നാൽ ആണ്ടുവട്ടത്തിലെ സുപ്രധാനമായ ദിവസങ്ങൾ കൂടിയാണ് വലിയ നോമ്പുകാലം. നമ്മുടെ ശത്രുവായ പിശാചിനെ എതിർത്ത് തോൽപ്പിക്കുവാൻ സ്വർഗ്ഗം നമുക്ക് നൽകിയ ആയുധമാണ് നോമ്പ്. "ഞങ്ങളുടെ രക്ഷകാ, നോമ്പാലും പ്രാർത്ഥനയാലും പുണ്യപ്രവർത്തികളാലും

ശത്രുവായ ദുഷ്ടനെ ജയിക്കുവാൻ ഞങ്ങൾക്ക് കൃപനൽകേണമെ" (*വലിയ നോമ്പിലെ പ്രാർത്ഥന, തിങ്കൾ പ്രഭാതം*). തന്റെ ശിഷ്യന്മാർക്ക് സാത്താനോടുള്ള പോരാട്ടത്തിന് കർത്താവ് ഉപദേശിച്ചുകൊടുത്തതും നോമ്പാകുന്ന ആയുധമാണ്. നോമ്പിനെ അതിന്റെ സമഗ്രതയിൽ നാം ദർശിക്കുകയും ആചരിക്കുകയും ചെയ്യുമ്പോഴാണ് അത് കൂടുതൽ അർത്ഥവർത്താകുന്നത്. നോമ്പ് – ചേർന്നിരിക്കാനുള്ള ഓർമ്മപ്പെടുത്തലാണ്. ചേർന്നിരിക്കേണ്ട ദൈവത്തിൽ നിന്ന് നാം അകന്നോ എന്ന് പരിശോധിക്കാനുള്ള സമയമാണ് നോമ്പ് കാലം. നോമ്പ് എന്നത് വർജ്ജനയുടെയും തപസ്ചര്യയുടെയും കാലമെന്നതുപോലെ വാക്കിലും ചിന്തയിലും പ്രവർത്തിയിലും തിരുത്തലുകൾ വരുത്തേണ്ട കാലമാണ്. നാം ഉപവസിക്കുന്നതോടൊപ്പം ജീവിതത്തിൽ വിശക്കുന്നവരോടും ആവശ്യത്തിലിരിക്കുന്നവരോടും താദാത്മ്യപ്പെടുന്ന അനുഭവമാകണം നോമ്പ്. ദൈവത്തോടും സഹോദരങ്ങളോടും പ്രകൃതിയോടും നിരന്ന് പുതുക്കപ്പെട്ട ജീവിതം നയിക്കുവാനുള്ള വിളിയാണ് നോമ്പ്.

ഈ കാലഘട്ടത്തിൽ ക്രൈസ്തവ വിശ്വാസ ജീവിതത്തിനും കത്തോലിക്കാ സഭയ്ക്കും നേരിടേണ്ടിവരുന്ന വെല്ലുവിളികൾ ഏറെയാണ്. മാധ്യമങ്ങളിലൂടെ ഏറെ പ്രതിസന്ധികൾ സൃഷ്ടിക്കപ്പെടുന്നുവെന്നത് യാഥാർത്ഥ്യമായി നിൽക്കുമ്പോഴും തിരുത്തേണ്ടത് തിരുത്തുവാനുള്ള കടമ നമുക്കുണ്ട് എന്നതോർക്കാം. എന്റെ ചിന്തകൾ സ്വർഗ്ഗത്തിന് ഹിതകരമാണോ? എന്റെ പ്രവർത്തികൾ ദൈവഹിതാനുസരണമാണോ? എന്റെ വാക്കുകൾ നന്മനിറഞ്ഞതാണോ? എന്ന് വചന വെളിച്ചത്തിൽ ഞാൻ തിരുത്തി വായിക്കാനുള്ള സമയമാണ് നോമ്പ്. "നിങ്ങളുടെ ഹൃദയമാണ്, വസ്ത്രമല്ല കീറേണ്ടത്, നിങ്ങളുടെ ദൈവമായ കർത്താവിങ്കലേക്ക് മടങ്ങുവിൻ" (ജോയേൽ 2:13) എന്ന് ജോയേൽ പ്രവാചകൻ നമ്മെ ഓർമ്മപ്പെടുത്തുന്നത് നാം ശ്രദ്ധിക്കേണ്ടതല്ലേ?

'മാനസാന്തരത്തിന് യോജിച്ച ഫലം പുറപ്പെടുവിക്കുമ്പോൾ' (മത്തായി 3:8) തമ്പുരാൻ നമ്മെ നോക്കി പറയും "ഇവൻ എന്റെ പ്രിയ പുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു." (മത്തായി 3:13).

സഭയുടെ പരസ്യ-സമൂഹ ആരാധനയാണ് വി. കുർബാന. വ്യക്തികളുടെ ആഭിമുഖ്യങ്ങൾക്കും താൽപര്യങ്ങൾക്കും അതീതമായി പരിശുദ്ധ സഭ നിഷ്കർഷിക്കുന്നവിധത്തിലാണ് വി. കുർബാനയെ നാം

കാണേണ്ടതും ആരാധിക്കേണ്ടതും (അർപ്പിക്കേണ്ടതും). വി. കുർബാനയുടെ അർപ്പണത്തിനും അനുഭവത്തിനുമെതിരായി നാം ചെയ്തുപോയ സകല തെറ്റുകൾക്കും ദൈവത്തോട് മാപ്പുപറയുവാനും തിരുത്തുവാനുമുള്ള അവസരമായി ഈ ആത്മീയ ശാക്തീകരണ വർഷാചരണത്തെ നമുക്ക് സമീപിക്കാം:

നോമ്പിന്റെ അനുഗ്രഹം നമ്മിൽ ഉറപ്പിച്ചുകൊണ്ട് കൂടുതൽ ആത്മീയ ശാക്തീകരണത്തിലേക്ക് നാം തിരിയേണ്ടതുണ്ട്. **2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെയുള്ള കാലയളവ് മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ ആത്മീയ ശാക്തീകരണ വർഷമായി ഞാൻ പ്രഖ്യാപിക്കുന്നു.** ദൈവത്തിങ്കലേക്ക് തിരിയുന്നതിനും കർത്താവാണ് ബലം എന്നതിൽ ഉറയ്ക്കുന്നതിനും നമുക്ക് ഈ വർഷം പൂർണ്ണമായി സമർപ്പിക്കാം. മനുഷ്യനുണ്ടാക്കുന്ന പ്രതിസന്ധികൾക്കും പ്രാരാബ്ധങ്ങൾക്കും പ്രതിവിധിയായി ദൈവത്തിങ്കലേക്ക് നമുക്ക് തിരിയാം. നാം ദൈവബന്ധത്തിൽ ആഴപ്പെടുന്നതനുസരിച്ച് നമ്മുടെ സത്യവിശ്വാസം നമ്മുടെ സത്പ്രവർത്തികളിലൂടെ പ്രതിഫലിക്കുന്നതാണ്. സത്പ്രവർത്തികൾ തനിയെ ഉരുവാകുന്നതല്ലാ, പ്രത്യുത നന്മതന്നെയായ ദൈവത്തിൽ നിന്നും ഉളവാകുന്നതാണ്. അടുത്ത മാർച്ച് മാസം (2023) വരെയുള്ള പന്ത്രണ്ടുമാസത്തേക്ക് നമ്മുടെ എല്ലാ ഭദ്രാസനങ്ങളിലും തീവ്രമായ ഒരു പ്രാർത്ഥനായജ്ഞം നാം നടത്തുകയാണ്. സഭാംഗങ്ങളായ ഏവരും എല്ലാ ദിവസവും ആത്മീയ ശാക്തീകരണത്തെ മുൻനിർത്തി പ്രാർത്ഥിക്കേണ്ടതാണ്. ബഹു. വൈദികർ വി. കുർബാനയിൽ പ്രത്യേകമായി ഈ നിയോഗം ഓർക്കേണ്ടതാണ്. വി. കുർബാനയുടെ ആരാധന/ആശീർവാദം, പരിശുദ്ധ ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന, ജപമാല, കരുണകൊന്ത, 51-ാം സങ്കീർത്തന വായന ഇവ ഭക്തിയോടെ നിർവ്വഹിക്കേണ്ടതാണ്. സഭാംഗങ്ങൾ എല്ലാ ദിവസവും പ്രത്യേകം പ്രാർത്ഥിക്കുന്നതോടൊപ്പം ഓരോ മാസവും പ്രത്യേകം ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ഭദ്രാസനത്തിൽ തീവ്രമായ പ്രാർത്ഥന നടത്തേണ്ടതാണ്.

2022 ഏപ്രിൽ മാസത്തിൽ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ ആരംഭിക്കുന്ന ആത്മീയശാക്തീകരണ വർഷാചരണം 2023 മാർച്ച് മാസത്തിൽ കട്കി ഭദ്രാസനത്തിൽ സമാപിക്കുന്നതാണ്. വിവിധ സന്യാസസമൂഹങ്ങൾ അതാത് ഭദ്രാസനത്തിന്റെ ഊഴമനുസരിച്ചുള്ള

മാസത്തിൽ ഭദ്രാസന ക്രമീകരണങ്ങളോട് ചേർന്ന് ഈ ശുശ്രൂഷയിൽ സംബന്ധിക്കേണ്ടതാണ്. ഓരോ ഭദ്രാസനത്തിലേയും വിശദമായ ക്രമീകരണങ്ങൾ ഭദ്രാസനാദ്ധ്യക്ഷൻ നൽകുന്നതായിരിക്കും.

| | | | |
|---|---|---|---|
| 1. | തിരുവനന്തപുരം മേജർ അതിഭദ്രാസനം | – | ഏപ്രിൽ (2022) |
| 2. | തിരുവല്ല അതിഭദ്രാസനം | – | മെയ് |
| 3. | ബത്തേരി ഭദ്രാസനം | – | ജൂൺ |
| 4. | മാർത്താണ്ഡം ഭദ്രാസനം | – | ജൂലൈ |
| 5. | മൂവാറ്റുപുഴ ഭദ്രാസനം | – | ആഗസ്റ്റ് |
| 6. | മാവേലിക്കര ഭദ്രാസനം | – | സെപ്റ്റംബർ |
| 7. | പത്തനംതിട്ട ഭദ്രാസനം | – | ഒക്ടോബർ |
| 8. | പുത്തൂർ ഭദ്രാസനം | – | നവംബർ |
| 9. | സെന്റ് ജോൺ ക്രിസോസ്റ്റം-ഗുഡ്ഗാവ് ഭദ്രാസനം | – | ഡിസംബർ |
| 10. | അമേരിക്ക-കാനഡ ഭദ്രാസനം | – | ജനുവരി (2023) |
| 11. | പാറശ്ശാല ഭദ്രാസനം | – | ഫെബ്രുവരി (2023) |
| 12. | സെന്റ് എഫ്രേം-കട്കി ഭദ്രാസനം | – | മാർച്ച് (2023) |

നിങ്ങൾക്ക് ഏവർക്കും അനുഗ്രഹീതവും ഫലദായകവുമായ വലിയ നോമ്പിന്റെ നല്ല ദിനങ്ങൾ നേരുന്നു. നോമ്പിലെ നിങ്ങളുടെ വിലപ്പെട്ട പ്രാർത്ഥനകളിൽ എന്നേയും ഓർക്കുമല്ലോ.

ദൈവം നിങ്ങളെ ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

+Baselios Cleemis

**✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

# മലങ്കര സുറിയാനി കത്തോലിക്കാ സഭ

## 26 –ാമത് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ്

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ 26–ാമത് സാധാരണ സുന്നഹദോസ് 2022 മാർച്ച് 6–11 തീയതികളിലായി സഭയുടെ ആസ്ഥാന കാര്യാലയമായ പട്ടം കാതോലിക്കേറ്റ് സെന്ററിൽ സമ്മേളിച്ചു. സഭ യുടെ പരമാദ്ധ്യക്ഷൻ അത്യഭിവന്ദ്യ കർദ്ദിനാൾ മോറാൻ മോർ ബസേ ലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായുടെ ആമുഖ സന്ദേശ ത്തോടെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ആരംഭിച്ചു. സുന്ന ഹദോസിന്റെ ഒന്നാം ദിവസം ധ്യാനത്തിനായി വേർതിരിച്ചു. ബഹു. ജേക്കബ് കാട്ടിപ്പറമ്പിൽ വി.സി. അച്ചൻ ധ്യാനം നയിച്ചു.

പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ അജണ്ട തീരുമാ നിച്ചശേഷം അഭിവന്ദ്യ പിതാക്കന്മാർ ഓരോ ഭദ്രാസനത്തിൽ നിന്നു മുള്ള കാതോലിക്കാദിന ഫണ്ട് അത്യഭിവന്ദ്യ ബാവാതിരുമേനിക്ക് കൈമാറി. വിവിധ സെക്ഷനുകൾക്ക് പിന്നീട് തുടക്കമായി.

ഇനി വരുന്ന പന്ത്രണ്ടുമാസങ്ങൾ മലങ്കര സുറിയാനി കത്തോലി ക്കാസഭയുടെ നവീകരണ വർഷമായി സുന്നഹദോസ് പ്രഖ്യാപിച്ചു.

# ഭദ്രാസന വാർത്തകൾ

## ലോറൻസ് മാർ അപ്രേം അനുസ്മരണ യാത്ര




മാർത്താണ്ഡം ഭദ്രാസനത്തിന്റെ പ്രഥമ ഇടയനും തെക്കിന്റെ മിഷണറിയുമായ ഭാഗ്യസ്മരണാർഹനായ ലോറൻസ് മാർ അപ്രേം തിരുമേനിയുടെ 25-ാം ഓർമപ്പെരുന്നാളിനോടുനുബന്ധിച്ച് നടന്ന അനുസ്മരണ പദയാത്ര 2022 ഏപ്രിൽ 6 ബുധനാഴ്ച പിതാവിന്റെ ജന്മസ്ഥലമായ അപ്രേം നഗർ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ നിന്ന് ആരംഭിച്ചു. രാവിലെ 6.30ന് പാറശ്ശാല ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ നടന്ന വി. കുർബാനയിൽ മാർത്താണ്ഡം ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്താ വചന സന്ദേശം നൽകി. മാർത്താണ്ഡം ഭദ്രാസന വികാരി ജനറാൾ വന്ദ്യ മോൺ. എസ്. വർഗീസ്, പാറശ്ശാല എം.സി.എ ഡയറക്ടർ ഫാ. ഹോർമ്മീസ് പുത്തൻവീട്ടിൽ, എം.സി.വൈ.എം. ഡയറക്ടർ ഫാ. പ്രഭീഷ് ജോർജ്ജ്, നെയ്യാറ്റിൻകര ജില്ലാ വികാരി ഫാ. ആന്റണി പ്ലാംപറമ്പിൽ, ഫാ. മരിയാർപുതം, ഫാ. തോമസ് വർഗീസ് വട്ടപ്പറമ്പിൽ,

ഫാ. ഷാജി ക്രിസ്റ്റോ എന്നിവർ സഹകാർമ്മികരായിരുന്നു. വി. കുർബാനയെ തുടർന്ന് അഭിവന്ദ്യ പിതാക്കന്മാരുടെ കാർമ്മികത്വത്തിൽ ധൂപപ്രാർത്ഥന നടന്നു. പാറശ്ശാല, മാർത്താണ്ഡം ഭദ്രാസനത്തിലെ എം.സി.എ. ഭാരവാഹികളുടെ നേതൃത്വത്തിൽ ആരംഭിച്ച മാർ അപ്രേം അനുസ്മരണ പദയാത്ര അന്നേദിവസം പിൻകുളം ദൈവാലയത്തിൽ സമാപിച്ചു. എം.സി.എ. ഭദ്രാസന ഭാരവാഹികളും, ബഹു. വൈദികരും, മദർ പ്രൊവിൻഷ്യൽ മദർ കാരുണ്യ ഡി.എം., ബഹു. സിസ്റ്റേഴ്സ്, ധാരാളം അല്മായ വിശ്വാസികൾ എന്നിവരും ഓർമയാചരണത്തിൽ പങ്കുചേർന്നു. ഇടവക വികാരി ബഹു. ഫാ. തോമസ് പ്രശാന്ത് ഒ.ഐ. സി., നെയ്യാറ്റിൻകര ജില്ലാ എം.സി.എ ഡയറക്ടർ ബഹു ഫാ. ജോൺ പോൾ ഒ.ഐ.സി. എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## New Appointment

ഫാ. അബിൻ മുല്ലയ്ക്കൽ : കുറ്റിച്ചൽ, കോട്ടൂർ, കള്ളിയൽ

## മിഷൻ വാർത്തകൾ

### നോമ്പുകാല ധ്യാനം

പാറശ്ശാല ഭദ്രാസനത്തിലെ ഇടവകകളിൽ ശുശ്രൂഷ ചെയ്യുന്ന ഉപദേശിമാർക്കുവേണ്ടിയുള്ള നോമ്പുകാല ധ്യാനം 2022 ജനുവരി 4 തിങ്കളാഴ്ച ചെമ്പരത്തിവിള ദൈവാലയത്തിൽ വച്ച് നടന്നു. വൈകിട്ട് 5 മണിക്ക് ആരംഭിച്ച ധ്യാനത്തിന്റെ ഭാഗമായി വി. കുരിശിന്റെ വഴി, നോമ്പുകാല പ്രാർത്ഥന, വി. കുമ്പസാരം, ധ്യാനചിന്തകൾ, ദിവ്യകാരുണ്യാരാധന എന്നിവ നടന്നു. ബഹു. ഫാ. വിമൽ വിൻസെന്റ്, ബഹു. ഫാ. അലോഷ്യസ് എന്നിവർ ധ്യാനത്തിന് നേതൃത്വം നൽകി. മുപ്പതോളം ഇടവകകളിലെ ഉപദേശിമാർ സംബന്ധിച്ച ധ്യാനം നേർച്ചക്കഞ്ഞിയോടെ സമാപിച്ചു. ക്രമീകരണങ്ങൾക്ക് ഭദ്രാസന മിഷൻ കോർഡിനേറ്റർ ബഹു. ഫാ. പ്രഭീഷ് ജോർജ്ജ് നേതൃത്വം നല്കി.

# വിശ്വാസ പരിശീലന കാര്യാലയം



## എം.ബി.ഒ.സി.

മലങ്കര കത്തോലിക്ക സഭയിലെ വിശ്വാസ പരിശീലനത്തിന്റെ ഭാഗമായി നടത്തിവരുന്ന മലങ്കര ബൈബിൾ ഓറിയന്റെഷൻ കോഴ്സ് (എം.ബി.ഒ.സി.), കൊയ്നോനിയ 2022 എന്ന നാമത്തിൽ സഭയെന്നാൽ എന്ന വിഷയത്തെ ആസ്പദമാക്കി ബഹുമാനപ്പെട്ട ശെമ്മാശൻമാരുടെയും ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ മെയ് മാസത്തിൽ പാറശ്ശാല ഭദ്രാസനത്തിൽ നടത്തുന്നതാണ്. എം.ബി.ഒ.സി. നടത്തുവാൻ ആഗ്രഹിക്കുന്ന ഇടവകകൾ 2022 ഏപ്രിൽ 10 ന് മുമ്പായി 100 രൂപ രജിസ്ട്രേഷൻ ഫീസോടുകൂടി ഭദ്രാസന കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

## പരീക്ഷകൾ

പാറശ്ശാല ഭദ്രാസനത്തിൽ 2021-2022 അധ്യായന വർഷത്തിൽ വിശ്വാസ പരിശീലനത്തിൽ ഉൾപ്പെട്ടിരിക്കുന്ന കുട്ടികളുടെ പരീക്ഷകൾ മെയ് മാസം ഒന്നാം തീയതിയും പതിനഞ്ചാം തീയതിയുമായി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

എൽ.കെ.ജി. മുതൽ ഡിഗ്രി വരെയുള്ള ക്ലാസുകളുടെ ഇടവക തലത്തിലുള്ള പരീക്ഷകൾ മെയ് മാസം ഒന്നാം തീയതിയും, മൂന്ന് മുതൽ ഒമ്പതാം ക്ലാസ് വരെയും പതിനൊന്നാം ക്ലാസിലെ കുട്ടികളുടെയും പരീക്ഷയും 10 12 ക്ലാസുകളിലെ കുട്ടികളുടെ സർട്ടിഫിക്കറ്റ് പരീക്ഷകളും മെയ് മാസം പതിനഞ്ചാം തീയതി ജില്ലാതല കേന്ദ്രങ്ങളിലും വെച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പരീക്ഷകൾക്ക് പാഠപുസ്തകത്തിൽ നിന്ന് പുറമേ പൊതുവിജ്ഞാനത്തിൽ നിന്നുള്ള ചോദ്യങ്ങളും ഉണ്ടായിരിക്കുന്നതാണ്.

## ഇടവക സ്ഥിതിവിവര ഫോം

പാറശ്ശാല ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ വിശ്വാസ

പരിശീലനത്തിൽ ഉൾപ്പെട്ടിരിക്കുന്ന കുട്ടികളുടെയും വിശ്വാസപരിശീലന അധ്യാപനത്തിൽ ഏർപ്പെട്ടിരിക്കുന്ന അധ്യാപകരുടെയും സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുവാൻ ഇടവകകളിൽ നൽകിയിരിക്കുന്ന സ്ഥിതി വിവര ഫോം 2022 ഏപ്രിൽ പത്താം തീയതി കേന്ദ്ര കാര്യാലയത്തിൽ എത്തിക്കണമെന്ന് അറിയിക്കുന്നു.

സ്ഥിതിവിവര ഫോമിൽ നൽകിയിരിക്കുന്ന നമ്പറുകൾ അനുസരിച്ചായിരിക്കും പരീക്ഷകൾക്ക് ചോദ്യപേപ്പർ അയക്കുന്നത്.

## റബ്ബോനി 2022

പറശ്ശാല ഭദ്രസനത്തിൽ വിശ്വാസ പരിശീലന അദ്ധ്യാപനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കായി ഒരു ഏകദിന സെമിനാർ റബ്ബോനി 2022 എന്ന പേരിൽ മെയ് മാസം പതിനാലാം തീയതി ശനിയാഴ്ച ചാരോട്ടു കോണം സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാ തീർത്ഥാടന ദൈവാലയത്തിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത സംഗമം ഉദ്ഘാടനം ചെയ്യുന്നു. പാറശ്ശാല ഭദ്രാസനത്തിലെ എല്ലാ അധ്യാപകരും ഈ ഏകദിന സെമിനാറിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ് എന്ന് അറിയിക്കുന്നു.



# എം.സി.വൈ.എം.

## അസ്സീസിയൻ സെനാക്കിൾ




പാറശ്ശാല ഭദ്രാസനത്തിലെ യുവജനപ്രസ്ഥാനമായ എം.സി.വൈ.എം.ന്റെ 2022 വർഷത്തെ കർമ്മപദ്ധതികൾ, **അസ്സീസിയൻ സെനാക്കിൾ,** പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. തോമസ് മാർ യൗസേബിയൂസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. "സഭയിലും സമൂഹത്തിലും യുവജനങ്ങൾ ഏറെ പ്രത്യാശ നൽകുന്ന ഒരു സമൂഹമാണ്. അതിനാൽ സഭയെ സുന്നഹദോസ് സ്വഭാവമുള്ള കൂട്ടായ്മയായി വളർത്തുന്നതിൽ യുവജനങ്ങൾക്ക് നിർണായക പങ്കുണ്ട്" എന്ന് അഭിവന്ദ്യ പിതാവ് ഉദ്ഘാടന പ്രസംഗത്തിൽ ഓർമപ്പെടുത്തി. 2022 മാർച്ച് 6 ഞായറാഴ്ച തിരുവല്ലം തിരുഹൃദയ മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടന്ന പരിപാടികൾ ആനിമേറ്റർ സി. സീനാ ജോൺ ഡി.എം. പതാക

ഉയർത്തി ആരംഭിച്ചു. തുടർന്ന് ഭദ്രാസന ഡയറക്ടർ ഫാ. ഡോ. പ്രഭീഷ് ജോർജ്ജ് 'യുവജനങ്ങൾ സഹയാത്രികർ' എന്ന ഈ വർഷത്തെ പഠന വിഷയം അവതരിപ്പിച്ചു. ഭദ്രാസന എം.സി.വൈ.എം. പ്രസിഡന്റ് ശ്രീ. ശരത് ലാൽ റ്റി.എസ്.ന്റെ അദ്ധ്യക്ഷതയിൽ നടന്ന ഉദ്ഘാടന സമ്മേ ളനത്തിൽ ഈ വർഷത്തെ ഭദ്രാസന കർമ്മപരിപാടികളും, കാട്ടാക്കട, ചെമ്പൂര് വൈദിക ജില്ലകളുടെ കർമ്മപരിപാടികളും അഭിവന്ദ്യ പിതാവ് പ്രകാശനം ചെയ്തു. സഭാതല എം.സി.വൈ.എം. പ്രസിഡന്റ് ശ്രീമതി ഏയ്ഞ്ചൽ മേരി, തിരുവനന്തപുരം മേജർ അതിഭദ്രാസന എം.സി.വൈ. എം. പ്രസിഡന്റ് കുമാരി രഞ്ചിത ആർ.ജെ., കെ.സി.വൈ.എം. സംസ്ഥാന സെക്രട്ടറി കുമാരി സെലിൻ ചന്ദ്രബാബു എന്നിവർ വിശി ഷ്ടാതിഥികളായിരുന്നു. അസി. ഡയറക്ടർ ഫാ. വിമൽ വിൻസെന്റ്, ബാലരാമപുരം ജില്ലാ വികാരി ഫാ. സാമുവേൽ പുത്തൻപുരയിൽ, ജില്ലാ ഡയറക്ടർ ഫാ. മാത്യു വെട്ടിയോടിതടത്തിൽ, ജില്ലാ പ്രസിഡന്റ് അജീഷ് ലാൽ, യൂണിറ്റ് ഡയറക്ടർ ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ, യുണിറ്റ് പ്രസിഡന്റ് ബെന്നി, ഭദ്രാസന ജനറൽ സെക്രട്ടറി അരുൺ റ്റി. എസ്., ട്രഷറാർ ഷിബു എസ്.ആർ എന്നിവർ പ്രസംഗിച്ചു. ഭദ്രാസ നത്തിലെ 5 വൈദികജില്ലാ ഭാരവാഹികളുൾപ്പെടെ മുന്നൂറിലധികം യുവ ജ്ഞങ്ങൾ സംബന്ധിച്ച പരിപാടികൾ സ്നേഹഭോജനത്തോടെ സമാപിച്ചു.

## വനിതാ ദിനാഘോഷം

പാറശ്ശാല ഭദ്രാസനത്തിലെ യുവജനപ്രസ്ഥാനമായ എം.സി.വൈ. എം.ന്റെ നേതൃത്വത്തിൽ വനിതാ ദിനാ ഘോഷം 2022 മാർച്ച് 6 ന് നട ത്തി. പെൺകുട്ടികളെ സഭയുടേയും സമൂഹത്തിന്റെയും മുഖ്യധാരയി ലേയ്ക്ക് കൊണ്ടുവരാനുള്ള കർമ്മപരിപാടികൾ ആവിഷ് ക്കരിക്കണമെന്ന് അഭിപ്രായ പ്പെട്ടു. മലങ്കര സുറിയാനി കത്തോലിക്കാ സഭാതല എം. സി.വൈ.എം. പ്രസിഡന്റ് ശ്രീമതി ഏയ്ഞ്ചൽ മേരി, തിരു വനന്തപുരം മേജർ അതിഭദ്രാ സന എം.സി.വൈ.എം. പ്രസി ഡന്റ് കുമാരി രഞ്ചിത ആർ.ജെ., കെ.സി.വൈ.എം. സംസ്ഥാന



women's day celebration

സെക്രട്ടറി കുമാരി സെലിൻ ചന്ദ്രബാബു എന്നിവർ വനിതാദിനാഘോഷത്തിലെ വിശിഷ്ടാതിഥികളായിരുന്നു. ഭദ്രാസനത്തിൽ നിന്ന് സഭയിലെ യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലെത്തിയ ഏയ്ഞ്ചൽ മേരി, കുമാരി സെലിൻ ചന്ദ്രബാബു എന്നിവരെ തദവസരത്തിൽ ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് പിതാവ് പൊന്നാടയണിച്ച് ആദരിച്ചു. ഭദ്രാസന എം.സി.വൈ.എം. പ്രസിഡന്റ് ശ്രീ ശരത് ലാൽ റ്റി. എസ്., ഡയറക്ടർ ഫാ. പ്രഭീഷ് ജോർജ്ജ്, അസി. ഡയറക്ടർ ഫാ. വിമൽ വിൻസെന്റ്, ആനിമേറ്റർ സി. സീനാ ജോൺ ഡി.എം., ഭദ്രാസന ജനറൽ സെക്രട്ടറി അരുൺ റ്റി. എസ്., ട്രഷറർ ഷിബു എസ്. ആർ. എന്നിവരും ധാരാളം യുവജനങ്ങളും വനിതാ ദിനാഘോഷത്തിൽ സന്നിഹിതരായിരുന്നു.

## അസ്സീസിയൻ സൗഹൃദം



പാറശ്ശാല ഭദ്രാസനത്തിലെ ഭദ്രാസന-ജില്ലാ ഭാരവാഹികളുടെ സംഗമം 2022 മാർച്ച് 27 ഞായറാഴ്ച പാറശ്ശാല വൈദികജില്ലയുടെ ആതിഥേയത്വത്തിൽ ചെറുവാരക്കോണം മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടന്നു. കളിയും ചിരിയും പങ്കുവയ്ക്കലുമായി ഞായറാഴ്ച ഉച്ചയ്ക്ക് 12 ന് ആരംഭിച്ച സംഗമം യുവജനനേതാക്കന്മാരുടെ സൗഹൃദം വളർത്തുന്ന വേദിയായിരുന്നു. സംഗമത്തോടനുബന്ധമായി നടന്ന നേതൃത്വ പരിശീലന ക്ലാസ് ബഹു. ബനഡിക്ട് വാറുവിളയച്ചൻ നയിച്ചു. 2022, 2023 വർഷ കാലയളവിൽ ഭദ്രാസന-ജില്ലാതല എം.സി.വൈ.എം. പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ തെരഞ്ഞെടുക്കപ്പെട്ട പുതിയ ഭാരവാഹികൾക്ക് യുവജന നേതൃത്വ ശുശ്രൂഷയെക്കുറിച്ച് ഓറിയന്റേഷൻ നൽകാൻ അസ്സീസിയൻ സൗഹൃദം

സഹായകരമായി. ഭദ്രാസന-ജില്ല ഡയറക്ടറച്ചന്മാരും ബഹു. ആനിമേറ്റർ സിസ്റ്റേഴ്സും സൗഹൃദ സംഗമത്തിൽ പങ്കാളികളായി. ഭദ്രാസന ഡയറക്ടർ ഫാ. പ്രഭീഷ് ജോർജ്ജ്, പ്രസിഡന്റ് ശരത് ലാൽ എന്നിവരുടെ നേതൃത്വത്തിലുള്ള ഭദ്രാസന സമിതിയാണ് അസ്സീസിയൻ സൗഹൃദത്തിന് നേതൃത്വം നൽകിയത്. ബഹു. തോമസ് ഈട്ടികാലായിൽ അച്ചന്റെ നേതൃത്വത്തിൽ ചെറുവാരക്കോണം ഇടവകയാണ് അസ്സീസിയൻ സൗഹൃദ വേദിയെ മനോഹരവും രുചികരവുമായി ക്രമീകരിച്ചത്.

## അസ്സീസിയൻ @ കാൽവരി



പീഢാനുഭവ ആഴ്ചയിൽ നമ്മുടെ കർത്താവിന്റെ കുരിശുയാത്രയുടെ പുണ്യത്തിൽ പങ്കുചേരാനായി പാറശ്ശാല ഭദ്രാസനത്തിലെ യുവജനങ്ങൾ പ്രാർത്ഥനാപൂർവം നീരാഴിക്കോണം കുരിശുമല കയറി. ലോക സമാധാനം എന്ന നിയോഗത്തോടെ 2022 ഏപ്രിൽ 10 ന് ഞായറാഴ്ച ഉച്ചയ്ക്കു ശേഷം നടന്ന കുരിശിന്റെ വഴിയിൽ, പ്രതികൂല കാലാവസ്ഥയിലും 5 വൈദിക ജില്ലകളിൽ നിന്നായി അനേകം യുവജനങ്ങൾ പങ്കാളികളായി. ഭദ്രാസന ഡയറക്ടർ ബഹു. ഫാ. പ്രഭീഷ് ജോർജ്ജ് ആമുഖ പ്രാർത്ഥന നടത്തുകയും ബഹു. ജോൺ ഐക്കര കപ്പൂച്ചിനച്ചൻ ആമുഖ വചന സന്ദേശം നൽകുകയും ചെയ്തു. ഭദ്രാസന അസി. ഡയറക്ടർ ബഹു. വിമൽ വിൻസെന്റ് അച്ചൻ സമാപന സന്ദേശം നൽകുകയും ഭദ്രാസന പ്രസിഡന്റ് ശ്രീ. ശരത് ലാൽ കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്തു. ചെമ്പൂര് വൈദിക ജില്ലയുടെ ആതിഥേയത്വത്തിൽ നടന്ന കുരിശിന്റെ വഴിക്കുവേണ്ട ക്രമീകരണം ചെയ്തത് ബഹു. ജോസഫ് മേക്കുംകര അച്ചന്റെ നേതൃത്വത്തിൽ നീരാഴിക്കോണം ഇടവക യൂണിറ്റാണ്.

## TANIO 2022




മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ എം.സി.വൈ.എം. ന്റെ നേതൃത്വത്തിൽ റിസോഴ്സ് ടീം പരിശീലനം 2022 ഏപ്രിൽ 3 ഞായറാഴ്ച പട്ടം കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടന്നു. യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് തിരുമേനി വി. കുർബാന അർപ്പിച്ചു ആരംഭിച്ച ഏകദിന ശില്പശാലയിൽ എല്ലാ ഭദ്രാസനത്തിലെയും യുവജനങ്ങളുടെ പങ്കാളിത്തം ഉണ്ടായിരുന്നു. മുൻ സഭാതല ഡയറക്ടർ ബഹു. തോമസ് കയ്യാലയ്ക്കൽ, പാറശ്ശാല ഭദ്രാസന ഡയറക്ടർ ബഹു. ഫാ. പ്രഭീഷ് ജോർജ്ജ് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നല്കി. സഭാതല സമിതി ഡയറക്ടർ ബഹു. ഫാ. ഏബ്രഹാം മേപ്പുറത്ത്, സഭാതല പ്രസിഡന്റ് ശ്രീമതി എയ്ഞ്ചൽ മേരി എന്നിവരുടെ നേതൃത്വത്തിലുള്ള സഭാതല സമിതിയാണ് പരിപാടികൾ ക്രമീകരിച്ചത്. പാറശ്ശാല ഭദ്രാസനത്തിൽ നിന്ന് ഏഴോളം പേർ പങ്കെടുത്തു.



# സെമിനാരി വാർത്തകൾ

## സെമിനാരി ദിനം

പാറശ്ശാല സ്നേഹദീപം മൈനർ സെമിനാരി ഫെബ്രുവരി മാസം ഇരുപത്തിയാറാം തീയതി സെമിനാരിദിനമാഘോഷിച്ചു. അന്നേ ദിവസം രാവിലെ സ്നേഹദീപം മൈനർ സെമിനാരി റെക്ടർ ബഹുമാനപ്പെട്ട അലോഷ്യസ് തുണ്ടുത്തട്ടച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച വിശുദ്ധ കുർബാനയോടെ സെമിനാരി ദിനാഘോഷങ്ങൾ ആരംഭിച്ചു. വൈകുന്നേരം പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവിന്റെ സാന്നിദ്ധ്യത്തിൽ വൈദിക വിദ്യാർത്ഥികളുടെ മാതാപിതാക്കളുടെ സംഗമം നടത്തി. തുടർന്ന് നടന്ന സ്നേഹവിരുന്നിൽ അഭിവന്ദ്യ പിതാവും ബഹുമാനപ്പെട്ട വൈദികരും സിസ്റ്റേഴ്സും മാതാപിതാക്കളും പങ്കെടുത്തു. ശേഷം വൈദിക വിദ്യാർത്ഥികൾ അവതരിപ്പിച്ച കലാപരിപാടികളോടെ സെമിനാരിദിനാഘോഷങ്ങൾ അവസാനിച്ചു.

## താബോർ 2022

ദൈവശുശ്രൂഷയ്ക്കായി ഒരു തലമുറയെ വാർത്തെടുക്കേണ്ടതിനായി 2022 മെയ് 3, 4, 5 തീയതികളിൽ വിവിധ കേന്ദ്രങ്ങളിൽ വച്ച് താബോർ 2022 നടത്തപ്പെടുന്നു. ഒരോ ഇടവകകളിൽ നിന്നും പൗരോഹിത്യ ജീവിതത്തോട് ആഭിമുഖ്യം പുലർത്തുന്ന ആൺകുട്ടികൾക്ക് (പത്താം ക്ലാസും അതിന് മുകളിലും പഠിക്കുന്നവർ) ഈ സംഗമത്തിൽ പങ്കെടുക്കാം.

**സമയം : രാവിലെ 9 മുതൽ വൈകിട്ട് 4 മണി വരെ**

**ബാലരാമപുരം, നെയ്യാറ്റിൻകര വൈദിക ജില്ലകൾ** :

മെയ് 3 ചൊവ്വ, സെന്റ് ജോസഫ്സ് ദൈവാലയം, ബാലരാമപുരം

**ചെമ്പൂര്, കാട്ടാക്കട വൈദിക ജില്ലകൾ** :

മെയ് 4 ബുധൻ, വിശ്വദീപ്തി സ്കൂൾ, കാട്ടാക്കട

**ബാലരാമപുരം, നെയ്യാറ്റിൻകര വൈദിക ജില്ലകൾ** :

മെയ് 5 വ്യാഴം, കുഴിഞ്ഞാൻവിള ദൈവാലയം.

# എം.സി.എ.

MALANKARA CATHOLIC ASSOCIATION
TRUTH UNITY PEACE



## മലങ്കര കാത്തലിക് അസോസിയേഷൻ പാറശ്ശാല ഭദ്രാസന സമിതി



പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പയുടെ ആഹ്വാന പ്രകാരം 2022 മാർച്ച് 2-ാം തീയതി യുദ്ധക്കെടുതി മൂലം ദുരിതം അനുഭവിക്കുന്ന ഉക്രൈൻ-റഷ്യൻ ജനതകൾക്ക് വേണ്ടി എം.സി.എ. പാറശ്ശാല ഭദ്രാസന സമിതി യുടെ നേതൃത്വത്തിൽ പ്രാർത്ഥനാ ദിനമായി ആചരിച്ചു.

## ജില്ലാ സന്ദർശനം



മലങ്കര കാത്തലിക് അസോസിയേഷൻ പാറശ്ശാല ഭദ്രാസന സമിതിയുടെ ആഭിമുഖ്യത്തിൽ കാട്ടാക്കട വൈദിക ജില്ലാ സന്ദർശനം

നടത്തി. ബഹു. ഭദ്രാസന ഡയറക്ടർ ഫാ. ഹോർമിസ് പുത്തൻവീട്ടിൽ, കാട്ടാക്കട വൈദിക ജില്ലാ വികാരി ഫാ. തോമസ് പൊറ്റപുരയിടം, ഡയറക്ടർ ഫാ. അഗസ്റ്റിൻ കോണാത്തുവിള, ഫാ. ജെറിൻ, ഭദ്രാസന പ്രസിഡന്റ് ധർമ്മരാജ് പിൻകുളം, സബീഷ് പീറ്റർ തിരുവല്ലം (ജനറൽ സെക്രട്ടറി), ജെസ്സി ജോസ് (സഭാതല സമിതി അംഗം), സഭാതല വൈസ് പ്രസിഡന്റ് രാജേന്ദ്രൻ പൂവച്ചൽ, കാട്ടാക്കട ജില്ലാ പ്രസിഡന്റ് രാജൻ സെക്രട്ടറി അനീഷ് ജില്ലാതല ഭദ്രാസനതല നേതാക്കന്മാർ എന്നിവർ പങ്കെടുത്തു.

## ലീഡേഴ്സ് മീറ്റിംഗ്



മലങ്കര കാത്തലിക് അസോസിയേഷൻ (എം.സി.എ.) സഭാതല സമിതിയുടെ ആഭിമുഖ്യത്തിൽ ലീഡേഴ്സ് മീറ്റിംഗും പ്ലാനിങ് ഫോറം സമ്മേളനവും നടന്നു. തിരുവല്ല ബോധനയിൽ നടന്ന പ്രസ്തുത മീറ്റിംഗിൽ പാറശാല ഭദ്രാസന സമിതിയിൽ നിന്നും പ്രസിഡന്റ് ധർമ്മരാജ് പിൻകുളം, ജനറൽ സെക്രട്ടറി സബീഷ് പീറ്റർ, ട്രഷറർ സുമനലാൽ, സഭാതല സമിതി അംഗം ജെസി ജോസ് ഭദ്രാസന സമിതി അംഗം സി. മോഹനൻ എന്നിവർ പങ്കെടുത്തു. അല്മായ കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് പ്രസ്തുത സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

## തീർത്ഥാടന പദയാത്ര

ഭാഗ്യസ്മരണാർഹനായ ലോറൻസ് മാർ അപ്രേം തിരുമേനിയുടെ കബറിങ്കലേക്ക് ഇരുപത്തിയഞ്ചാമത് പദയാത്ര നടത്തി. 2022 ഏപ്രിൽ 6 ബുധനാഴ്ച രാവിലെ 6.30–ന് കാഞ്ഞിരംകുളം, മാർ അപ്രേം നഗർ സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ വച്ച് അഭിവന്ദ്യരായ വിൻസെന്റ് മാർ

പൗലോസ് മെത്രാപ്പോലീത്ത (മാർത്തണ്ഡം ) തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത (പാറശ്ശാല) എന്നിവരുടെ മുഖ്യകാർമികത്വത്തിൽ വിശുദ്ധ കുർബാന, അനുസ്മരണം, പദയാത്ര എന്നിവ നടത്തി. തിരുകർമ്മങ്ങളിൽ ഫാ. ഹോർമിസ് പുത്തൻവീട്ടിൽ, ഫാ. എസ്. വർഗ്ഗീസ്, ഫാ.മരിയാർപുതം, ഫാ.ആന്റണി പ്ലാംപറമ്പിൽ, ഫാ. പ്രഭീഷ് ജോർജ്ജ്, ഫാ. ജോസ് ബെന്നറ്റ്, ഫാ. പ്രശാന്ത്, ഫാ. ജോൺ പോൾ, പോൾ രാജ് (സഭാതല പ്രസിഡന്റ്), ധർമ്മരാജ് പിൻകുളം (ഭദ്രാസന പ്രസിഡന്റ്), സബീഷ് പീറ്റർ തിരുവല്ലം (ഭദ്രാസന ജനറൽ സെക്രട്ടറി), സുമനലാൽ (ട്രഷറർ), മോഹനൻ കണ്ണറവിള തുടങ്ങിയവർ നേതൃത്വം നൽകി.



# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## എജ്യൂക്കേഷൻ ഗ്രാന്റ് വിതരണം

വിൻസെന്റ് ഡിപോൾ സൊസൈറ്റി പാറശ്ശാല സെൻട്രൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ പഠനത്തിൽ മിടുക്കരും നിർധനരുമായ 40 കുട്ടികൾക്ക് സെന്റ് ജോർജ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് മാർച്ച് 27-ാം തീയതി ഞായറാഴ്ച 3 മണിക്ക് എജ്യൂക്കേഷൻ ഗ്രാന്റ് വിതരണം ചെയ്തു. മീറ്റിംഗ് ജില്ലാ വികാരിയും സെൻട്രൽ കൗൺസിൽ ആത്മീയ ഉപദേഷ്ടാവുമായ ഫാ. ആന്റണി പ്ലാംപറമ്പിൽ ഉദ്ഘാടനം ചെയ്തു. സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ശ്രീ. വേലപ്പൻ ആമുഖ സന്ദേശം നൽകി. സെൻട്രൽ സെക്രട്ടറി തങ്കരാജൻ, ട്രഷറർ പൗലോസ്, എജ്യുക്കേഷൻ ഓഫീസർ ജോൺസൺ എന്നിവർ കുട്ടികൾക്ക് ആശംസയർപ്പിച്ചു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി തുടർന്നും സഹായിക്കുവാനും കരിയർ ഗൈഡൻസ് ക്ലാസുകൾ നൽകുവാനും തൊഴിലധിഷ്ഠിത പഠനങ്ങൾക്ക് മുൻതൂക്കം നൽകുവാനും യോഗം തീരുമാനിച്ചു നൂറോളം വിൻസെന്റ് ഡി പോൾ സൊസൈറ്റി അംഗങ്ങൾ പങ്കെടുത്തു.



# Kshema Integrated Development Society (KIDS)

## പാരിഷ് കാരിത്താസ് പരിശീലനം



പാറശ്ശാല വൈദിക ജില്ലയിലെ ഇടവകകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പാരിഷ് കാരിത്താസ് അംഗങ്ങൾക്കു വേണ്ടിയുള്ള പരിശീലനം 2022 ഫെബ്രുവരി 13-ാം തീയതി കുടയാൽ കത്തീഡ്രൽ ദൈവാലയത്തിൽവച്ച് സംഘടിപ്പിച്ചു. 41 പ്രതിനിധികൾ പങ്കെടുത്ത യോഗം ജില്ലാ വികാരി ബഹുമാനപ്പെട്ട ഹോർമിസ് പുത്തൻവീട്ടിൽ അച്ചൻ ഉദ്ഘാടനം ചെയ്തു. ഫാ. ജോൺ പുന്നാര, ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ, ശ്രീ. ജെയിംസ് എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

## വനിതദിനാഘോഷം

പാറശ്ശാല മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സാമൂഹിക വികസന കാര്യാലയമായ ക്ഷേമയുടെ ആഭിമുഖ്യത്തിൽ 2022 മാർച്ച് 6-ാം തീയതി ചാരോട്ടുകോണം മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് മുന്നൂറോളം വനിതകളെ പങ്കെടുപ്പിച്ചുകൊണ്ട് വനിതദിനാചരണം സംഘടിപ്പിച്ചു. അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ പരിപാടി ഉദ്ഘാടനം ചെയ്തു.

ഡോ. ജിഷ 'സാമൂഹിക വികസനത്തിന് സ്ത്രീശാക്തീകരണത്തിന്റെ ആവശ്യകത' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് നയിച്ചു. കേരള സോഷ്യൽ സർവീസ് ഫോറം ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ അധ്യക്ഷപദം അലങ്കരിച്ച യോഗത്തിൽ സി. ജസീന, ശ്രീ. രാജയ്യൻ കപ്യാർ, ഫാ. ജോൺ പുന്നാര, ഫാ. ജോർജ് വെട്ടിക്കാട്ടിൽ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ഫാ. സന്തോഷ് എണ്ണവിള, ശ്രീ. ജയിംസ് എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

## ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു




കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കാരിത്താസ് ഇന്ത്യയും ഫീഡിങ് ഇന്ത്യയുമായി സഹകരിച്ച് ആയിരം കുടുംബങ്ങ ൾക്ക് ഭക്ഷ്യ കിറ്റുകൾ ക്ഷേമയുടെ ആഭിമുഖ്യത്തിൽ വിതരണം ചെയ്തു. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട കുടുംബങ്ങൾക്കാണ് ഭക്ഷ്യകിറ്റു കൾ ലഭ്യമാക്കിയത്.

## ബോധവൽക്കരണ സെമിനാർ

ആശാകിരണം ക്യാൻസർ കെയർ പദ്ധതിയുടെ ഭാഗമായി നെല്ലിമൂട് സെന്റ് ക്രിസോസ്റ്റം ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ അഞ്ഞൂറോളം വിദ്യാർത്ഥിനികളെ പങ്കെടുപ്പിച്ചുകൊണ്ട് മൊബൈൽ അഡിക്ഷനെ കുറിച്ചും ക്യാൻസറിനെ കുറിച്ചും അവബോധം നൽകുവാൻ ഒരു ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. ഫാ. ജെയിംസ് ആലക്കുഴി O.C.D. ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഹെഡ്മിസ്ട്രസ്



ശ്രീമതി ലിറ്റിൽ, ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ എന്നിവർ ആശംസ യർപ്പിച്ചു.

## പോസ്റ്റർ പ്രകാശനം




ഭാരതസഭയുടെ പാവങ്ങൾക്കു വേണ്ടിയുള്ള ധനസമാഹരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പട്ടിണി രോഗനിവരണ ഫണ്ടിന്റെ നോമ്പുകാലത്തെ സമഹരണത്തിനായുള്ള പോസ്റ്റർ 2022 മാർച്ച് 6–ാം തീയതി പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ കേരള സോഷ്യൽ സർവീസ് ഫോറം ഡയറക്ടർ റവ. ഫാ. ജേക്കബ് മാവുങ്കൽ, സിസ്റ്റർ ജസീന, ഫാ. ജോൺ പുന്നാര, ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ എന്നിവരുടെ സാന്നിധ്യത്തിൽ പ്രകാശനം ചെയ്തു.

## സഹായഹസ്തവുമായി K S S F

കേരള കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ സാമൂഹിക



പ്രേക്ഷിത വിഭാഗമായ കേരള സോഷ്യൽ സർവീസ് ഫോറം പാറശ്ശാല ഭദ്രാസനത്തിലെ നാന്നൂറ്റിമുപ്പതോളം കുടുംബങ്ങൾക്ക് ഭക്ഷ്യക്കിറ്റുകൾ ലഭ്യമാക്കി. തിരഞ്ഞെടുക്കപ്പെട്ട ഒമ്പത് ഇടവകകളിലായി ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തു.

## മാർഗരേഖ പ്രകാശനം



ക്ഷേമയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന വിധം മേഖല, യൂണിറ്റ്, അയൽക്കൂട്ട തല പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള ഒരു മാർഗരേഖ 17-03-2022 മാർച്ച് 17-ാം തീയതി കുടയാൽ ഇടവകയിൽ വച്ച് നടത്തിയ വൈദികരുടെ യോഗത്തിൽ വച്ച് ഭദ്രാസനാധ്യക്ഷൻ ഡോ. തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ പ്രകാശനം ചെയ്തു.

## വികലാംഗ പുനരധിവാസ പ്രവർത്തനം

ക്ഷേമയുടെ വികലാംഗ പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് ഇരുന്നൂറോളം ഭിന്നശേഷിക്കാരായ കുട്ടികൾക്ക് കോവിഡ് പ്രതിരോധ സാനിറ്ററി കിറ്റ് വിതരണം ചെയ്തു. ധനുവച്ചപുരത്തുള്ള ഉദയാ സ്പെഷ്യൽ സ്കൂളിൽ വച്ച് നടന്ന വിതരണോദ്ഘാടനത്തിൽ കാരിത്താസ് ഇന്ത്യയെ പ്രതിനിധീകരിച്ച് കുമാരി ശിവാനി, ശ്രീ. അബീഷ്, വാർഡ് മെമ്പർ ശ്രീമതി ബിന്ദുബാല, ക്ഷേമ ഡയറക്ടർ ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ എന്നിവർ സംബന്ധിച്ചു.



# മാതൃവേദി

## ഭദ്രാസന സിൻഡിക്കേറ്റും തെരഞ്ഞെടുപ്പും

പാറശ്ശാല ഭദ്രാസനത്തിലെ മാതൃവേദിയുടെ സിൻഡിക്കേറ്റ് മീറ്റിംഗ് 2022 ജനുവരി ഒന്നാം തീയതി നെയ്യാറ്റിൻകര ഹോളി ക്വീൻ സ്കൂളിൽ വച്ച് നടന്നു. ഭദ്രാസന പ്രസിഡന്റ് ശ്രീമതി ഡോളി പാമ്പു കാല സ്വാഗതം ആശംസിച്ചു. സെക്രട്ടറി ശ്രീമതി പ്രവിത ബെൻസിഗർ റിപ്പോർട്ട് അവതരിപ്പിക്കുകയും ട്രഷറർ ശ്രീമതി ബീന കണക്ക് അവത രിപ്പിക്കുകയും ചെയ്തു. സിൻഡിക്കേറ്റ് മീറ്റിംഗിന് ഭദ്രാസന ഡയറക്ടർ ഫാ. ജോസ് പാറയിൽകട ആമുഖസന്ദേശം നൽകി. ഫാമിലി അപ്പോ സ്തലേറ്റ് ഭദ്രാസന ഡറക്ടറും നെയ്യാറ്റിൻകര വൈദിക ജില്ലാവികാ രിയുമായ വെരി റവ. ഫാ. ആന്റണി പ്ലാംപറമ്പിൽ ഉദ്ഘാടനം നിർവ ഹിക്കുകയും പാറശ്ശാല വൈദിക ജില്ലാ ഡയറക്ടർ ഫാ. തോമസ് ഈട്ടി കാലായിൽ ആശംസാപ്രസംഗം നടത്തുകയും ചെയ്തു. തുടർന്ന് 2022-24 വർഷങ്ങളിലേക്കുള്ള ഭദ്രാസന ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്, ഭദ്രാസന ഡയറക്ടർ ഫാ. ജോസ് പാറയിൽകടയുടെ നേതൃത്വത്തിൽ, നടന്നു.

പ്രസിഡന്റായി ശ്രീമതി സിനി ബിനു തൂങ്ങാംപാറ (കാട്ടാക്കട), സെക്രട്ടറിയായി ശ്രീമതി ഷീജ വി. എസ്. കണ്ണറവിള (നെയ്യാറ്റിൻകര)., ട്രഷററായി ശ്രീമതി ബിന്ദു ജെ. കടമ്പറ (ചെമ്പൂർ)., വൈസ് പ്രസിഡ ന്റായി ശ്രീമതി അജിത ബി. ബാലരാമപുരം (ബാലരാമപുരം)., ജോയിന്റ് സെക്രട്ടറിയായി ശ്രീമതി ഷീജ എസ്. ചാരോട്ടുകോണം (പാറശ്ശാല) എന്നിവരെ തെരഞ്ഞെടുത്തു. കഴിഞ്ഞ നാളുകളിൽ ഭദ്രാസന സമി തിയെ നയിച്ച ഭാരവാഹികൾക്ക് നന്ദി പറയുകയും പുതിയ ഭാരവാ ഹികൾക്ക് എല്ലാ നന്മകൾ ആശംസിക്കുകയും ചെയ്ത മീറ്റിംഗിന്റെ ഒടുവിൽ ക്രിസ്തുമസ്, പുതുവർഷ ആഘോഷം നടത്തി. പുതുതായി

തെരഞ്ഞെടുക്കപ്പെട്ട ഭദ്രാസന പ്രസിഡന്റ് ശ്രീമതി സിനി ബിനു എല്ലാവർക്കും നന്ദി പറഞ്ഞ് മീറ്റിംഗ് സമാപിച്ചു.

## മാതൃവേദി ഭദ്രാസന സമിതി സത്യപ്രതിജ്ഞ



പുതുതായി തെരഞ്ഞെടുക്കപ്പെട്ട മാതൃവേദി പാറശ്ശാല ഭദ്രാസന സമിതി സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. 2022 ഏപ്രിൽ 3 ഞായറാഴ്ച ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തയുടെ മുമ്പാകെയാണ് സത്യപ്രതിജ്ഞ ചെയ്തത്. ഭദ്രാസന ഡയറക്ടർ ഫാ. ജോസ് പാറയിൽകട സത്യപ്രതിജ്ഞയ്ക്ക് നേതൃത്വം നൽകി. പാറശ്ശാല വൈദിക ജില്ലാ ആനിമേറ്റർ ബഹു. സി. വിമൽ ജോർജ് ഡി. എം., മുൻ പ്രസിഡന്റ് ശ്രീമതി ഡോളി പാമ്പുകാല, വൈദിക ജില്ലാ ഭാരവാഹികൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

# കുടുംബ പ്രേഷിത കാര്യാലയം




## വിവാഹ ഒരുക്കസെമിനാർ - 2022 ജനുവരി

2022 ജനുവരി 7, 8 തീയതികളിലും ഒക്ടോബർ 1, 2 തീയതികളിലുമായി കുടുംബ പ്രേക്ഷിത കാര്യാലയത്തിന്റെ ആഭിമുഖ്യത്തിൽ കൊടങ്ങാവിള സ്കൂളിൽ വച്ച് വിവാഹ ഒരുക്ക ക്ലാസുകൾ ക്രമീകരിക്കുകയുണ്ടായി. മുപ്പത്തിയേഴോളം യുവതീ-യുവാക്കൾ പങ്കെടുത്തു.

സെമിനാറിൽ പങ്കെടുത്തവർക്ക് വി. കുമ്പസാരം, ദിവ്യകാരുണ്യ ആരാധന, ഗ്രൂപ്പ് ഡിസ്ക്കഷൻസ്, കൗൺസിലിംഗ് എന്നിവയിലൂടെ ആത്മീയ ഒരുക്കം നൽകി. സെമിനാറിൽ പങ്കെടുത്ത എല്ലാവർക്കും ഡയറക്ടർ വെരി റവ. ഫാ. ആന്റണി പ്ലാംപറമ്പിൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

## പ്രോലൈഫ് സെമിനാർ

പാറശ്ശാല ഭദ്രാസനത്തിലെ കുടുംബ പ്രേക്ഷിത കാര്യാലയത്തിന്റെ ആഭിമുഖ്യത്തിൽ യുവദമ്പതിമാർക്കുവേണ്ടിയുള്ള ഒരു പ്രോലൈഫ് സെമിനാർ നെയ്യാറ്റിൻകര വൈദിക ജില്ലയുടെ നേതൃത്വത്തിൽ പൂവാർ സെന്റ് ആന്റണീസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് 2022 ഫെബ്രുവരി 20-ാം തീയതി ഞായറാഴ്ച സംഘടിപ്പിച്ചു. ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് ആരംഭിച്ച് 5 മണിക്ക് അവസാനിച്ച സെമിനാർ ബഹു. ജില്ലാ വികാരി ഫാ. ആന്റണി പ്ലാംപറമ്പിൽ ഉദ്ഘാടനം ചെയ്തു.



# വിദ്യാഭ്യാസം

## വാർഷിക സമ്മേളനവും യാത്രയയ്പ്പും

പാറശ്ശാല കത്തോലിക്കാ ടീച്ചേർസ് ഗിൽഡിന്റെ നേതൃത്വത്തിൽ വാർഷിക സമ്മേളനവും യാത്രയയപ്പും 2022 മാർച്ച് ഒന്നാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് നെല്ലിമൂട് സെന്റ് ക്രിസോസ്റ്റം ജി. എച്ച്.എസിൽ വച്ചു രണ്ടു സെഷനായി നടത്തി. ആദ്യത്തെ സെഷനിൽ അധ്യാപകർക്കുള്ള special talk മദർ തെരേസ കോളേജിലെ അസി. പ്രഫസർ ശ്രീ. ഗോകുൽ പി. നയിച്ചു. കറസ്പോണ്ടന്റ് റൈറ്റ് റവ. മോൺ. ജോസ് കോണത്തുവിള സ്വാഗതം ആശംസിക്കുകയും സി. സുകൃത നന്ദി അർപ്പിക്കുകയും ചെയ്തു.

രണ്ടാമത്തെ സെഷനിൽ പാറശ്ശാല ടീച്ചേർസ് ഗിൽഡ് സംസ്ഥാന പ്രതിനിധി ശ്രീ. ജോർജ്ജ് രത്നം സ്വാഗതം ആശംസിച്ചു. ജനറൽ സെക്രട്ടറി ഷാഹില ഷെറിൽ റിപ്പോർട്ടും സി. ഡിവിന പോൾ കണക്കും അവതരിപ്പിച്ചു. പ്രസിഡന്റ് അജയകുമാർ ഡി അധ്യക്ഷനായിരുന്നു. റൈറ്റ് റവ. മോൺ. സെലിൻ ജോസ് കോണത്തുവിള ആമുഖ പ്രഭാഷണം നടത്തി. പാറശ്ശാല ഭദ്രാസനാധ്യക്ഷൻ തോമസ് മാർ യൗസേബിയോസ് ഉദ്ഘാടനം നിർവഹിച്ച് മുഖ്യപ്രഭാഷണം നടത്തി. വിരമിച്ച അധ്യാപകർക്കുള്ള ആശംസ സ്റ്റേറ്റ് പ്രതിനിധി ശ്രീമതി. മിനി ഏ അർപ്പിച്ചു. വിരമിക്കുന്ന അധ്യാപകര പൊന്നാടയും മെമെന്റോയും നൽകി ആദരിച്ചു. ഗിൽഡിന്റെ നേതൃത്വത്തിൽ നടത്തിയ മത്സരങ്ങളിൽ വിജയികളായ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും, ഫുൾ എ പ്ലസ് കിട്ടിയ അധ്യാപകരുടെ മക്കൾക്കും സമ്മാനങ്ങൾ നൽകുകയും ചെയ്തു. മേഖലാ പ്രതിനിധി ശ്രീ. ജിജി ജെ. എല്ലാവർക്കും നന്ദിയർപ്പിച്ചു. പാപ്പാ മംഗളവും ദേശീയ ഗാനവും പാടികൊണ്ട് മീറ്റിംഗ് ഉച്ചയ്ക്ക് 1.00 മണിക്ക് സമാപിച്ചു.

.



പാറശ്ശാല സ്നേഹദീപം മൈനർ സെമിനാരി വൈദിക വിദ്യാർത്ഥികൾ ബഹു. വൈദികരോടൊപ്പം




ക്ഷേമയുടെ  ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വനിതാ ദിനാഘോഷം



വിൻസെന്റ് ഡിപോൾ സൊസൈറ്റി പാറശ്ശാല സെൻട്രൽ കൗൺസിലിന്റെ
ആഭിമുഖ്യത്തിൽ നടത്തിയ എജ്യൂക്കേഷൻ ഗ്രാന്റ്‌വിതരണം

Design & Layout : Syam, Nia Graphics, Chowara 9747 044 811



പാറശ്ശാല ഭദ്രാസനത്തിനുവേണ്ടി വൈദിക പട്ടം സ്വീകരിച്ച ഫാ. ജോഷ്വാ തേനുവിള
അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായോടൊപ്പം (22 - 04 - 2022)

Printed and Published by Very Rev. Fr. Hormis Puthenveettil (*Chancellor*)
Diocese of Parassala, Catholic Bishop's House
Kudayal, Ayira P.O., Parassala, Kerala, India 695 502